# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1131**.

**02-05-2017 ൽ മറുപടിയ്ക്ക്**

## പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ

**ചോദ്യം**
ശ്രീ.രാജു എബ്രഹാം

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൃഷിവകുപ്പ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നത് എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഇതിൽ കേരളത്തിലെ പ്രധാന വിളകളായ നെല്ല്, തെങ്ങ്, പച്ചക്കറി, എന്നിവയുടെ കൃഷി വ്യാപനത്തിനും ഉത്പാദന വർദ്ധനവിനുമുതകുന്ന ഘടകങ്ങളുൾപ്പെടുന്ന ബൃഹത് പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. കൂടാതെ സുഗന്ധ വ്യഞ്ജന വിളകൾ, പ്രാദേശിക പ്രാധാന്യമുള്ള വിളകൾ (ഉദാ. എള്ള്, കരിമ്പ്) പുഷ്പകൃഷി, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കും പ്രത്യേക പദ്ധതികളുണ്ട്. ജൈവകൃഷി പ്രോത്സാഹനം, ഹൈടെക് കൃഷി രീതികളുടെ വ്യാപനം, വിള ഇൻഷ്വറൻസ്, കീട-രോഗബാധ നിയന്ത്രണത്തിന് കാർഷിക ക്ലിനിക്കുകൾ, കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ, കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്നിവയ്ക്കുമായി പ്രത്യേകം പദ്ധതികൾ നിലവിലുണ്ട്. നെല്ല് പോലുള്ള പ്രധാന വിളകൾ കൂടുതൽ കൃഷി ചെയ്യുന്ന പ്രദേശങ്ങൾക്ക് പ്രത്യേകം ഊന്നൽ നൽകുന്ന കാർഷിക മേഖലകളുടെ രൂപീകരണവും 2017-18 വർഷത്തിലെ മുഖ്യ പദ്ധതികളിലൊന്നാണ്. അഗ്രോ-സർവ്വീസ് സെന്റർ, കാർഷിക |

| | | | |
|---|---|---|---|
| | | | കർമ്മസേന എന്നിവയുടെ പ്രവർത്തനം തൊഴിലാളി ക്ഷാമം കുറയ്ക്കുന്നതിനും കാർഷി യന്ത്രങ്ങളുപയോഗിച്ച് കൃഷിപ്പണികൾ ഫലവത്തായി ചെയ്യുന്നതിനും സഹായിക്കുന്നു. ഇത്തരത്തിൽ കൃഷി ചെയ്യുന്ന വേളയിൽ വിത്ത് മുതലായ ഉത്പാദനോപാധികളും സാമ്പത്തിക സഹായവും മറ്റ് സാങ്കേതിക ഉപദേശങ്ങളും വിളവെടുപ്പിനു ശേഷം സംഭരണം, വിപണനം മൂല്യവർദ്ധനവ് എന്നിങ്ങനെ കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് വേണ്ട സൗകര്യം കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്.<br>കൃഷിവകുപ്പ് മുഖേന നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ കർഷക രജിസ്ട്രേഷൻ സമ്പ്രദായം കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഓരോ കർഷകരുടേയും കൃഷി ചെയ്യുന്ന വിളകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഇത്തരത്തിൽ കൃഷി ഭവനുകളിൽ സമാഹരിക്കുന്നു. കൂടാതെ കൃഷിഭവൻ മുഖേന ആനുകൂല്യത്തിനായി നൽകുന്ന അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡ്, കൃഷി ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ, പാട്ടകൃഷിക്കാരനെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ പകർപ്പും യഥാർത്ഥ കർഷകന് ആനുകൂല്യം ലഭ്യമാകുന്നു എന്നുറപ്പാക്കാനായി വാങ്ങാറുണ്ട്. സാമ്പത്തിക സഹായം നൽകുന്നതിന് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയതും ഈ ഉദ്ദേശത്തോടുകൂടിയാണ്. |
| (ബി) | പാട്ട വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള കർഷകർക്ക് മോട്ടോറും മറ്റ് കാർഷികവൃത്തിയ്ക്കാവശ്യമായ ഉപകരണങ്ങളും സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് കഴിയുമോ; സ്വന്തം പേരിൽ വസ്തു ഇല്ലാത്ത കർഷകർക്ക് ഇവ നൽകാൻ കഴിയുമെങ്കിൽ ഇതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | പാട്ടവ്യവസ്ഥ സംസ്ഥാനത്ത് നിലവിലില്ല എങ്കിലും സ്ഥലം ഉടമകൾ കൃഷി ചെയ്യുന്നതിനായി കൃഷി സ്ഥലം ഹ്രസ്വകാലത്തേയ്ക്ക് പരസ്പര ധാരണകളും വ്യവസ്ഥകളും അനുസരിച്ച് നൽകി വരുന്നുണ്ട്. ഇത്തരം വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യവും സബ്സിഡി നിരക്കിൽ ഉല്പാദനോപാധികളും പോർട്ടബിൾ പമ്പ് സെറ്റ്, സ്പ്രേയർ, തെങ്ങ്കയറ്റയന്ത്രം തുടങ്ങിയ ഉപകരണങ്ങൾക്കുള്ള ആനുകൂല്യവും പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശ |
| (സി) | സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കാനും സബ്സിഡി ഉൾപ്പടെയുള്ള | | |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ അവർക്ക് നേരിട്ട് ലഭിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും നൽകിവരുന്നു. എന്നാൽ സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പാട്ടകൃഷിക്കാർ അർഹരല്ല. സാമ്പത്തിക ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ